പ്രസിദ്ധീകരണത്തിന്

## ന്യൂനപക്ഷ വിധവകൾക്കും/ വിവാഹബന്ധം വേർപ്പെടുത്തിയവർക്കും/ ഉപേക്ഷിക്കപ്പെട്ടവർക്കുമുള്ള ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി

## അപേക്ഷിക്കാനുള്ള അവസാന തീയതി ആഗസ്റ്റ് 31-വരെ

തിരുവനന്തപുരം:- മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈനർ എന്നീ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകൾ, വിവാഹബന്ധം വേർപ്പെട്ടവർ, ഉപേക്ഷിക്കപ്പെട്ടവർ എന്നിവർക്ക് ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതിയിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് നൽകുന്ന ധനസഹായത്തിന് അപേക്ഷിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 31-വരെ നീട്ടിയതായി വകുപ്പ് ഡയറക്ടർ അറിയിച്ചു. ഒരു വീടിന് രണ്ടര ലക്ഷം രൂപയാണ് ധനസഹായം. ഇത് തിരിച്ചടക്കേണ്ടതില്ല. അപേക്ഷകയുടെ സ്വന്തം/പങ്കാളിയുടെ പേരിൽ ചുരുങ്ങിയത് രണ്ട് സെന്റ് സ്ഥലം ഉണ്ടായിരിക്കണം. അപേക്ഷക കുടുംബത്തിലെ ഏക വരുമാനദായകയായിരിക്കണം. ബി.പി.എൽ കുടുംബത്തിന് മുൻഗണന. അപേക്ഷകയ്ക്കോ അവരുടെ മക്കൾക്കോ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, പെൺകുട്ടികൾ മാത്രമുള്ള അപേക്ഷക തുടങ്ങിയവർക്ക് മുൻഗണന നൽകും. സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സ്ഥിര വരുമാനം ലഭിക്കുന്ന മക്കളുള്ള വിധവകൾ, സർക്കാരിൽ നിന്നോ സമാന ഏജൻസികളിൽ നിന്നോ ഇതിന് മുമ്പ് ഭവന നിർമ്മാണത്തിന് സഹായം ലഭിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. വകുപ്പ് പ്രത്യേകം തയ്യാറാക്കിയ അപേക്ഷാ ഫാറം മുഖേനയാണ് അപേക്ഷിക്കേണ്ടത്. 2017-18 സാമ്പത്തിക വർഷത്തെ കരം ഒടുക്കിയ രസീതിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന സ്ഥിര താമസ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ സഹിതം അതാത് ജില്ലാ കളക്ടറേറ്റിലെ ന്യൂനപക്ഷ ക്ഷേമ സെക്ഷനിൽ നേരിട്ടും, ഡെപ്യൂട്ടി കളക്ടർ (ജനറൽ), ജില്ലാ ന്യൂനപക്ഷക്ഷേമ സെക്ഷൻ, ജില്ലാ കളക്ടറേറ്റ് എന്ന വിലാസത്തിൽ അതാത് ജില്ലാ കളക്ടറേറ്റിലേക്ക് തപാൽ മുഖാന്തിരവും അപേക്ഷിക്കാം. അപേക്ഷാ ഫോറം ജില്ലാ ന്യൂനപക്ഷക്ഷേമ സെക്ഷൻ, ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം എന്നിവിടങ്ങളിൽ നിന്നും നേരിട്ടും www.minoritywelfare.kerala.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കും. അപേക്ഷകൾ അതാത് ജില്ലാ കളക്ടറേറ്റിൽ സ്വീകരിക്കുന്ന അവസാന തീയതി 2017 ആഗസ്റ്റ് 31 വൈകിട്ട് 5 മണി.

എഫ്.എൻ.26.7/17

**സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ്**

**വികാസ് ഭവൻ, നാലാം നില, തിരുവനന്തപുരം-33**

**വിധവ/ വിവാഹബന്ധം വേർപ്പെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി (2017-18)**

**അപേക്ഷാ ഫാറം**

| | | |
|---|---|---|
| 1 | അപേക്ഷകയുടെ പേര് | |
| 2 | സ്ഥിര മേൽവിലാസം | |
| 3 | ഇപ്പോഴത്തെ മേൽവിലാസം | |
| 4 | ഫോൺ നമ്പർ | |
| 5 | മൊബൈൽ നമ്പർ (ഉണ്ടെങ്കിൽ മാത്രം) | |
| 6 | വയസ്സ് | |
| 7 | മതം / ജാതി | |
| 8 | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബമാണോ ? | അതെ / അല്ല |
| 9 | കുടുംബത്തിന്റെ വാർഷിക വരുമാനം | |
| 10 | റേഷൻ കാർഡ് നമ്പർ | |
| 11 | അപേക്ഷകയ്ക്ക് 18 വയസ്സിന് മുകളിൽ പ്രായമുള്ള ആൺ മക്കൾ ഉണ്ടോ? ഉണ്ടെങ്കിൽ എത്ര ? | |
| 12 | വിവാഹമോചിത /വിധവ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീ ഇവയിൽ ഏതെന്ന് വ്യക്തമാക്കുക | |
| 13 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുടുംബമാണോ ? ഉണ്ടെങ്കിൽ വ്യക്തമാക്കുക | |
| 14 | അപേക്ഷകയുടെ പേരിലുള്ള വസ്തുവിന്റെ വിസ്തീർണ്ണം, സർവ്വേ നമ്പറും, തണ്ടപ്പേര് നമ്പറും, വില്ലേജിന്റെ പേരും | |
| 15 | പഞ്ചായത്ത് / മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പേര് | |
| 16 | വില്ലേജ് താലൂക്ക് | |
| 17 | ജില്ല | |
| 18 | അപേക്ഷക കഴിഞ്ഞ വർഷങ്ങളിലെ (2013-14,2014-15,2015-16, 2016-17) ഇതേ ആനുകൂല്യത്തിന് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ? | ഉണ്ട് / ഇല്ല |

19. കുടുംബാംഗങ്ങളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പേര് | ആൺ/ പെൺ | വയസ്സ് | വൈവാഹിക നില | അപേക്ഷകയ്ക്ക് കുടുംബാംഗങ്ങളുമായുള്ള ബന്ധം | അപേക്ഷകയോടൊപ്പമാണോ ഈ കുടുംബാംഗം താമസിക്കുന്നത് (അതെ /അല്ല) |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

## സാക്ഷ്യ പത്രം

ഞാൻ.................................................... .................................(തീയതി) മുതൽ വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട ഒരാളാണെന്നും എനിക്ക് നാളിതുവരെ ഭവന നിർമ്മാണ ആവശ്യത്തിന് സർക്കാരിൽ നിന്നോ മറ്റ് സമാന ഏജൻസികളിൽ നിന്നോ യാതൊരുവിധ ധനസഹായവും ലഭിച്ചിട്ടില്ലെന്നും എന്റെ പേരിൽ .......... സെന്റ് ഭൂമിയുണ്ടെന്നും ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:
തീയതി:

അപേക്ഷകയുടെ ഒപ്പ്
പേര്

**അപേക്ഷയോടൊപ്പം സ്വയം സാക്ഷ്യപ്പെടുത്തി നിർബന്ധമായും സമർപ്പിക്കേണ്ട രേഖകൾ:-**

1. റേഷൻ കാർഡിന്റെ പകർപ്പ്
2. 2017-18 സാമ്പത്തിക വർഷത്തിൽ സ്വന്തം പേരിലുള്ള വസ്തുവിന്റെ കരം ഒടുക്കിയ രസീതിന്റെ പകർപ്പ്
3. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ച സ്ഥിര താമസ സർട്ടിഫിക്കറ്റ്
4. വിധവയാണെങ്കിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ്
5. വിവാഹ മോചിത/ ഉപേക്ഷിക്കപ്പെട്ടതാണെങ്കിൽ ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ്
6. അപേക്ഷകയ്ക്കോ /അവരുടെ മക്കൾക്കോ മാനസിക-ശാരീരിക വെല്ലുവിളികൾ/ കാൻസർ/കിഡ്നി പ്രശ്നം/ഹൃദ്രോഗം/കരൾ സംബന്ധമായ അസുഖം/തളർവാതം തുടങ്ങിയ മാരക അസുഖങ്ങൾ ഉണ്ടെങ്കിൽ ആയത് തെളിയിക്കുന്ന രേഖകളുടെ പകർപ്പ്
7. മറ്റ് വകുപ്പുകളിൽ നിന്നോ സമാന ഏജൻസികളിൽ നിന്നോ അപേക്ഷകയ്ക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
8. റേഷൻകാർഡിലെ പേരും അപേക്ഷയിലെ പേരും തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ, രണ്ടും ഒന്നാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.

***കുറിപ്പ്:- നിർബന്ധമായും സമർപ്പിക്കേണ്ട രേഖകൾ അടക്കം ചെയ്യാത്ത അപേക്ഷകൾ യാതൊരു സാഹചര്യത്തിലും ഈ പദ്ധതിക്കായി പരിഗണിക്കുന്നതല്ല.***